(ബി) ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ പ്രദേശ സമൂഹത്തിന് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. വിവിധ ചെറുകിട ഇടത്തര സൂഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 3000 കുടുംബങ്ങൾ ഇന്ന് ഗുണഭോക്താക്കളായി പ്രവർത്തിച്ചുവരുന്നു. അതുവഴി 6.73 കോടി രൂപയുടെ വരുമാനം പ്രദേശിയർക്ക് ലഭ്യമായിട്ടുള്ളതായി സർക്കാർ ഏജൻസികൾ വിലയിരുത്തിയിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് പ്ലാൻ ചെയ്ത് സമയബന്ധിതമായി നടപ്പാക്കിവരുന്നു.

സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

311(1012) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശാവസ്ഥയിലായ കഠിനംകുളം വാട്ടർസർക്യൂട്ടിന്റെ ഭാഗമായുള്ള കൊച്ചുമ്പഴ ടൂറിസ്റ്റ് അമിനിറ്റീസ് സെന്ററും ബോട്ടുജെട്ടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇവിടം സംരക്ഷിക്കുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഠിനംകുളം പദ്ധതിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സിഡ്കോയാണ്. പദ്ധതി പൂർത്തീകരിച്ച് വകുപ്പിന് കൈമാറാത്ത സാഹചര്യത്തിൽ പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുവാ�ൻ നിർവ്വഹണ ഏജൻസിയായ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഠിനംകുളം പദ്ധതി നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ സിഡ്കോ കൈമാറുന്ന മുറയ്ക്ക് പദ്ധതി പരിപാലനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/238/2020-50

LIBRARY ARCHIVES Kerala Legislative Assembly